(ഡി) ഐ. എച്ച്. ആർ. ഡി.-യുടെ കീഴിൽ ഡിഗ്രി കോളേജും, ട്രെയിനിംഗ് സെന്ററും തുടങ്ങുന്നതിന് യൂണിവേഴ്സിറ്റി നിബന്ധന പ്രകാരം ആവശ്യമായ സ്ഥലവും സ്ഥിരം സംവിധാനം ഉണ്ടാകുന്നതുവരെ ടി സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാൻ ആവശ്യമായ താൽക്കാലിക കെട്ടിടങ്ങളും സ്പോൺസറിംഗ് കമ്മിറ്റി തരപ്പെടുത്തി ഐ. എച്ച്. ആർ. ഡി-ക്ക് കൈമാറേണ്ടതാണ്. ഈ വ്യവസ്ഥ പാലിക്കപ്പെടുന്ന പക്ഷം ചേർപ്പ് നിയോജകമണ്ഡലത്തിൽ ഒരു ഡിഗ്രി കോളേജും ട്രെയിനിംഗ് സെന്ററും തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

എഞ്ചിനീയറിംഗ്/പോളിടെക്നിക്ക് വിദ്യാർത്ഥികൾക്ക് സെക്ഷനൻ മാർക്ക് നൽകുന്നതിനുള്ള മാനദണ്ഡം

76 [1439] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്ക് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് സെക്ഷനൻ മാർക്ക് നൽകുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സെക്ഷനൻ മാർക്കിന്റെ പിൻബലത്തിൽ പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപകർ വിദ്യാർത്ഥികളെ പീഡിപ്പിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇത്തരക്കാർക്കെതിരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജിൽ സെക്ഷനൽ മാർക്ക് നൽകുന്നത് 50% ടെസ്റ്റ്, 30% അസൈൻമെന്റ്, 20% ഹാജർ എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ്. പോളിടെക്നിക്കിൽ ഇത് 40% പരീക്ഷ, 40% അസൈൻമെന്റ്, 20% ഹാജർ എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

പോളിടെക്നിക്കുകളിലെ പരീക്ഷകൾക്കും എം. ടെക്. പരീക്ഷകൾക്കുമുള്ള പരീക്ഷാ കലണ്ടർ

77 [1440] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടി ചോയിസ് ആന്റ് ക്രെഡിറ്റ് സിസ്റ്റത്തിൽ അദ്ധ്യയനം നടത്തുന്ന ഏതെല്ലാം പോളിടെക്നിക്കുകളാണ് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ളതെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര സെമസ്റ്ററുകളിലായാണ് ഈ സ്ഥാപനങ്ങളിൽ അദ്ധ്യയനം ചിട്ടപ്പെടുത്തിയിട്ടുള്ളതെന്നും എല്ലാ സെമസ്റ്ററുകളുടേയും തിയറി പരീക്ഷയും പ്രാക്ടിക്കൽ പരീക്ഷയും ഉൾപ്പെടെ പൂർത്തീകരിക്കുവാൻ ഇപ്പോൾ എത്രവർഷം വേണ്ടിവരുമെന്നും വ്യക്തമാക്കുമോ;

(സി) മൂന്നുവർഷം കൊണ്ട് പഠനം പൂർത്തീകരിക്കേണ്ട വിദ്യാർത്ഥികൾ നാലു വർഷവും അതിലധികവും സമയമെടുത്തു മാത്രമേ പഠനം പൂർത്തീകരിക്കുവാൻ കഴിയുന്നുള്ളുവെന്നതിനാൽ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള അവസരങ്ങൾ നഷ്ടപ്പെടുന്നതിന് ശാശ്വതമായ പരിഹാരം കാണുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയുണ്ടായോ;

(ഡി) എം. ടെക്. പരീക്ഷകൾക്ക് റാങ്ക് നിർണ്ണയിക്കുവാനും റാങ്ക് സർട്ടിഫിക്കറ്റ് നൽകുവാനും അതുവഴി ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് അംഗീകാരം നൽകുവാനും എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഇ) പോളിടെക്നിക്കുകളിലെ പരീക്ഷകൾക്കും എം. ടെക്. പരീക്ഷകൾക്കുമുള്ള പരീക്ഷാ കലണ്ടർ മുൻകൂട്ടി തയ്യാറാക്കാനും അതനുസരിച്ച് ഫലപ്രഖ്യാപനം നടത്തുവാനും കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് (നെയ്യാറ്റിൻകര), വിമൻസ് പോളിടെക്നിക് കോളേജ് (കോട്ടയ്ക്കൽ), റസിഡൻഷ്യൽ വനിതാ പോളിടെക്നിക് കോളേജ് (പയ്യന്നൂർ) എന്നിവയാണ് മൾട്ടി ആന്റ് ക്രഡിറ്റ് സിസ്റ്റത്തിൽ അദ്ധ്യയനം നടത്തുന്ന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ.

(ബി) എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്ക് 6 സെമസ്റ്റർ (മൂന്ന് വർഷം) പ്ലസ്ടു അഥവാ പ്രീഡിഗ്രി വിദ്യാർത്ഥികൾക്ക് 5 സെമസ്റ്റർ (രണ്ടര വർഷം) എന്നീ രീതിയിലാണ് അദ്ധ്യയനം ക്രമീകരിച്ചിരിക്കുന്നത്. എല്ലാ സെമസ്റ്ററുകളുടെയും തിയറി പരീക്ഷയും പ്രാക്ടിക്കൽ പരീക്ഷയും ഉൾപ്പെടെ പൂർത്തീകരിക്കുവാൻ ഇപ്പോൾ 3 വർഷം വേണ്ടിവരും.

(സി) ചില സാങ്കേതിക കാരണങ്ങളാൽ കൃത്യസമയത്ത് പരീക്ഷ നടത്തി ഫലം പ്രസിദ്ധീകരിക്കുവാൻ സാധിക്കുന്നില്ല. കൃത്യസമയത്തുതന്നെ പരീക്ഷ നടത്തി ഫലം പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly